**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **27.04.2017-ൽ മറുപടിക്ക്**
**ചോദ്യം നം. 62**

## അക്ഷരസാഗരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ.കെ. വിജയൻ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി. സി.കെ. ആശ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ സാക്ഷരരാക്കുന്നതിനായി അക്ഷരസാഗരം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഏതൊക്കെ ജില്ലകളിലാണ് ഇത് നടപ്പാക്കുന്നതെന്നും വിശദമാക്കുമോ? | (സി) | **<u>പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>**<br>1) തീരദേശ ജനതയുടെ സാക്ഷരതാ നിലവാരം ഉയർത്തുക.<br>2) നാലാം തരം തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക.<br>3) തീരദേശത്ത് തുടർ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കുക.<br>4) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക.<br>5) മൽസ്യ സമ്പത്ത് / തീരപ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.<br>6) സ്ത്രീ ശാക്തീകരണം സാധ്യമാക്കുക.<br>7) ശുചിത്വം / ആരോഗ്യം / പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക.<br>8) തീരദേശത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുക.<br><br>അക്ഷര സാഗരം എന്ന പേരിൽ 2016-17 വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ